(സി) ബാക്കിയുള്ളവർക്ക് പട്ടയം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് എപ്പോൾ പട്ടയം നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 444 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 119 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി)&(ഡി) ബാക്കിയുള്ള 325 അപേക്ഷകളിൽ 183 അപേക്ഷകർ പുതുതായി ഭൂമി കയ്യേറി കൈവശം വച്ചു വരുന്നതും 142 അപേക്ഷകൾ മുൻകൈവശക്കാരിൽ നിന്നും കൈമാറ്റം വഴി ലഭിച്ചവരുടേതുമാണ്. ഈ കേസ്സുകളിൽ പോർട്ട് അധികൃതരുമായി സംയുക്ത പരിശോധന കഴിഞ്ഞ് എടുക്കുന്ന തീരുമാനത്തിന് വിധേയമായി പോർട്ട് ഏരിയക്ക് പുറത്തുള്ള കൈവശക്കാർക്ക് നിയമാനുസരണം പട്ടയം നൽകുന്നതാണ്.

93 (2249) സർവെ നടത്തി യഥാർത്ഥ ഭൂമിക്കുള്ള രേഖ നൽകുന്നതിന് നടപടി

ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി ഉടമസ്ഥന്മാരുടെ സ്ഥലം സർവെ നടത്തി യഥാർത്ഥ ഭൂമിക്കുള്ള രേഖ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വില്ലേജുകളിലും സർവെ പൂർത്തിയാക്കി യഥാർത്ഥ ഭൂമിയുടെ ഉടമസ്ഥന് കൈവശരേഖ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂമിയുടെ തർക്കം പരിഹരിക്കുന്നതിന് വില്ലേജ് തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് തർക്കമുള്ള കേസ്സുകളിൽ യഥാർത്ഥത്തിലുള്ള ഭൂമി സർവെ ചെയ്ത് തർക്കം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനുവേണ്ടി അദാലത്ത് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഭൂമി ഉടമസ്ഥൻമാരുടെയും സ്ഥലം സർവെ നടത്തി യഥാർത്ഥ ഭൂമിക്കുള്ള രേഖ നൽകുന്നതിന് വേണ്ടി സംസ്ഥാനം മൊത്തം റീസർവെ നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതാണ്. ഇതുപ്രകാരം സംസ്ഥാനത്തെ 652 റവന്യൂ വില്ലേജുകളുടെ റീസർവെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ റീസർവെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉണ്ടായ സാഹചര്യത്തിൽ ഈ ആക്ഷേപങ്ങൾ തീർപ്പുകൽപ്പിക്കുന്ന ജോലിക്ക് സർവെ വകുപ്പിലെ ഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാരെയും നിയോഗിച്ചിട്ടുണ്ട്. മേലിൽ റീസർവെ ആധുനിക ഇല ക്ട്രോണിക് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ ഉപയോഗിച്ചു കൃത്യ മായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിച്ചിരുന്നതിനാൽ ഈ ഉപകരണങ്ങൾ ഘട്ടംഘട്ടമായി വാങ്ങുന്നതിന് നടപടികൾ നടന്നുവരുന്നുണ്ട്. എല്ലാ ജില്ലക ളിലും ഈ ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് റീസർവെ പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ പുനരാരംഭിക്കുന്നതാണ്.

കൂടാതെ ആധുനിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും ഉപയോഗിച്ച് സർവെ നടത്തുന്ന വില്ലേജുകളിൽ വസ്തുഉടമകൾക്ക് സൗജന്യമായി വസ്തു വിന്റെ പ്ലാനിന്റെ പകർപ്പ്, ഉടമസ്ഥന്റെ പേര്, വസ്തുവിന്റെ വിസ്തീർണ്ണം, സർവെ നമ്പർ എന്നിവ രേഖപ്പെടുത്തി. സർവെ റിക്കാർഡുകളിൽ ആക്ഷേപം ക്ഷണിച്ചുകൊണ്ട് സർവെ അതിരടയാള നിയമത്തിലെ 9-ാം വകുപ്പു പ്രകാരം റിക്കാർഡുകൾ പ്രസിദ്ധീകരിക്കുമ്പോൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ബി)(സി)(ഡി)&(ഇ) പരിശോധിക്കുന്നതാണ്.

94 (2250) സർവെ വകുപ്പിന്റെ പ്രവർത്തനം

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവെ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമ മാണോ;

(ബി) ജീവനക്കാരുടെ കുറവുമൂലമാണ് സർവെ വകുപ്പിന്റെ പ്രവർ ത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) പെൻഷൻ പറ്റി പിരിയുന്നവർക്ക് പകരം നിയമനം നടത്താത്ത തിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) സബ്സെക്ഷന്റെ ചുമതലയുള്ള ഹെഡ് സർവെയർക്ക് എത്ര സർവെയർ എന്നതാണ് അനുപാതം;

(ഇ) പലേടത്തും ഈ അനുപാതം പകുതിയും അതിനു താഴെയും ആണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് എത്ര ജില്ലകളുടെ റീസർവെ പൂർത്തിയാക്കി യിട്ടുണ്ട്: വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പൂർത്തിയായ രേഖകൾ തുടർ നടപടിയ്ക്കു വിധേയമാക്കാത്ത തിനായ് കാലഹരണപ്പെടുന്നതായ ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(എച്ച്) ഇതു പരിഹരിക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഐ) സർവെ വകുപ്പിനെ സ്വതന്ത്ര വകുപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേ ശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജെ) "ടോറൻസ് സമ്പ്രദായം" ഇപ്പോൾ നിലവിലുണ്ടോ;

(കെ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly